# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1187

01/07/2015 ൽ മറുപടിയ്ക്ക്

## പുറമ്പോക്കിലെ താമസക്കാർക്ക് പട്ടയം അനുവദിക്കാൻ നടപടി

| ചോദ്യം<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ | | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | പൊന്നാനി ഈശ്വരമംഗലത്തെ പുഴ പുറമ്പോക്കിൽ 40 വർഷത്തിലധികമായി താമസിക്കുന്ന 100 കുടുംബങ്ങൾക്ക് ഇതുവരെ പട്ടയം അനുവദിച്ച് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ഉണ്ട്. |
| ബി) | പ്രസ്തുത സ്ഥലത്ത് സ്ഥിരതാമസമാക്കിയ ഇവർക്ക് സ്വന്തമായി റേഷൻ കാർഡും, വീട്ട് നമ്പരും, കൈവശ സർട്ടിഫിക്കറ്റും ഉള്ളവരും ഭൂമി വാങ്ങി വീട് വയ്ക്കാൻ കഴിയാത്ത തീർത്തും നിർദ്ധനരായവരുമായതിനാൽ ഭൂമി കേരളം പദ്ധതിയിൽപ്പെടുത്തി ഇവർ ഇപ്പോൾ താമസിക്കുന്ന സ്ഥലത്തിന് പട്ടയം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ? | ബി) | പുഴ പുറമ്പോക്ക് ഭൂമി പതിച്ച് നൽകരുതെന്ന് ബഹു.സുപ്രീം കോടതിയുടെയും ബഹു.കേരള ഹൈക്കോടതിയുടെയും വിധിന്യായങ്ങൾ നിലവിലുള്ളതിനാൽ പ്രസ്തുത ഭൂമിയിൽ പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ